# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 7

28.10.2019 -ൽ മറുപടിക്ക്.

## റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**,, മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിനും റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനും വേണ്ടി ഉപയോഗിച്ചുവരുന്ന ആപ്ലിക്കേഷനാണ് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS). സംസ്ഥാനത്തെ RCMS തയ്യാറാക്കി നിലവിൽ കൈകാര്യം ചെയ്തുവരുന്നത് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) ന്റെ കേരള ഘടകമാണ്. സംസ്ഥാനത്ത് നിലവിൽ 86.41 ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. കാർഡുടമയുടെയും കുടുംബാംഗങ്ങളുടെയും പേര്, കുടുംബാംഗങ്ങളുമായുള്ള ബന്ധം, വിലാസം, ആധാർ നമ്പർ, തൊഴിൽ, വരുമാനം, മറ്റു സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ തുടങ്ങിയവ RCMS ൽ ഉൾക്കൊള്ളുന്നു. RCMS തയ്യാറാക്കിയിട്ടുള്ളത് Hypertext PreProcessor (PHP) യിലും ഡാറ്റാബേസ് PostgreSQL ലുമാണ്. RCMS ഡാറ്റാബേസ് സൂക്ഷിച്ചിട്ടുള്ളത് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള സെർവറുകളിലാണ്.<br>പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കൽ, റേഷൻ കാർഡിൽ പുതിയ അംഗങ്ങളെ ചേർക്കൽ, അംഗങ്ങളെ ഒഴിവാക്കൽ, റേഷൻകാർഡ്/അംഗങ്ങളെ മറ്റു താലൂക്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്യൽ, മേൽവിലാസം, പേര് തുടങ്ങിയ തിരുത്തലുകൾ വരുത്തൽ തുടങ്ങിയവ RCMS ലൂടെ ചെയ്തുവരുന്നു. ഇതിനായി ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തുടനീളമുള്ള അക്ഷയ സെന്ററുകളിലൂടെയും നേരിട്ട് ഓൺലൈനായും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. നാളിതുവരെ 36 ലക്ഷത്തിൽപ്പരം അപേക്ഷകൾ RCMS ലൂടെ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വിതരണം ചെയ്തു വരുന്ന 4 ഇനത്തിൽപ്പെട്ട റേഷൻകാർഡുകളുടെ [അന്ത്യോദയ അന്നയോജന (എ.എ.വൈ), മുൻഗണന, പൊതുവിഭാഗം (സബ്സിഡി), പൊതുവിഭാഗം] ഇനം മാറ്റലും RCMS ലൂടെ ചെയ്യാൻ സാധിക്കും. |

ബി) റേഷൻ കാർഡ് വിവരങ്ങൾ സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായി പങ്കുവയ്ക്കുന്നുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡ് സംബന്ധിച്ച വിവരങ്ങൾ കേന്ദ്രസർക്കാരുമായി പങ്കുവയ്ക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) യും (സി) യും താഴെപ്പറയുന്ന സർക്കാർ വകുപ്പുകളുമായും കേന്ദ്ര സർക്കാർ വകുപ്പ്/ഏജൻസികളുമായും റേഷൻകാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്നുണ്ട്.

1. ഇ-ഡിസ്ട്രിക്ട് പ്രോജക്ട് (കേരള സ്റ്റേറ്റ് ഐടി മിഷൻ)
2. സപ്ലൈകോ - സബ്സിഡി നിരക്കിൽ സപ്ലൈകോ ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിന്
3. പ്രധാനമന്ത്രി കിസാൻ പ്രോജക്ട് (കേന്ദ്രസർക്കാർ)
4. ഉന്നതി പ്രോജക്ട് (സംസ്ഥാന സർക്കാർ)
5. പ്രളയത്തോടനുബന്ധിച്ചുള്ള അദാലത്തുകൾ (കേരള സ്റ്റേറ്റ് ഐടി മിഷൻ)
6. സർവ്വീസ് പെൻഷൻ (കേരള സ്റ്റേറ്റ് ഐടി മിഷൻ)
7. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം (സി-ഡിറ്റ്)
8. ഇൻഫർമേഷൻ കേരള മിഷൻ - സേവന സോഫ്റ്റ്വെയർ മുഖേന പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്
9. ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിയാക്)- നേരത്തേ പങ്കുവച്ചിട്ടുണ്ട്.
10. സെൻട്രൽ പി.ഡി.എസ് (കേന്ദ്രസർക്കാർ)
11. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് (കേന്ദ്രസർക്കാർ)
12. IMPDS (Integrated Management of Public Distribution System) നടപ്പാക്കുന്നതിനായി (കേന്ദ്രസർക്കാർ)
13. NFSA ഡാഷ്ബോർഡ് (nfsa.gov.in) ആവശ്യങ്ങൾക്കായി (കേന്ദ്രസർക്കാർ)

(ഡി) റേഷൻ കാർഡുടമയ്ക്ക് റേഷൻ താല്കാലികമായി വേണ്ടെന്ന് വയ്ക്കുന്നതിന് അവസരമുണ്ടോ, വ്യക്തമാക്കുമോ?

(ഡി) ഉണ്ട്. റേഷൻ കാർഡുടമയ്ക്ക് റേഷൻ താല്കാലികമായി വേണ്ടെന്ന് വയ്ക്കുന്നതിന് 'റേഷൻ ഗിവ് അപ്' എന്നൊരു സംവിധാനം നിലവിലുണ്ട്. കാർഡുടമകൾക്ക് civilsupplieskerala.gov.in എന്ന പോർട്ടലിലുള്ള Ration Give Up എന്ന മെനു തെരഞ്ഞെടുത്ത് റേഷൻ ഉപേക്ഷിക്കാവുന്നതാണ്. ഉപേക്ഷിക്കുന്ന റേഷൻ തിരികെ ലഭിക്കണമെങ്കിൽ ആറു മാസത്തിനു ശേഷം ഇതേ സംവിധാനത്തിൽ restore ration മെനുവിൽ Give up ചെയ്ത റേഷൻ കാർഡ് നമ്പർ നൽകിയാൽ മതി.

**സെക്ഷൻ ഓഫീസർ**